"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/2314/2024-A2-Part(1) തീയതി: 23-09-2024

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ഓൺലൈൻ ജനറൽ ട്രാൻസ്ഫർ - ജീവനക്കാരുടെ സ്പാർക്ക് വിവരങ്ങളിലെ അപാകത പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ട്രെയിനിംഗ് ഡയറക്ടറുടെ 01.08.2024-ലെ DT/2314/2024-A2 നമ്പർ വിജ്ഞാപനം

************

ഓൺലൈൻ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാരുടെ സ്പാർക്ക് വിവരങ്ങൾ പരിശോധിച്ചതിൽ ചില ഡി.ഡി.ഒ/സ്ഥാപന മേധാവികൾ സൂചനയിലെ ഖണ്ഡിക. 12(11) പ്രകാരമുള്ള സൂക്ഷ്മ പരിശോധന നടത്തിയതായി കാണുന്നില്ല. ഇക്കാരണത്താൽ ചില ജീവനക്കാരുടെ സ്പാർക്ക് വിവരങ്ങളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.ഡി.ഒ/സ്ഥാപന മേധാവികളുടെ ഇത്തരം നിരുത്തരപരമായ പ്രവർത്തികൾ കാരണം ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ എല്ലാ ഡി.ഡി.ഒ/സ്ഥാപന മേധാവികളും തങ്ങളുടെ സ്ഥാപനത്തിലെ "നിലവിലുള്ള എല്ലാ ജീവനക്കാരുടെയും (അപേക്ഷ സമർപ്പിച്ചതും അല്ലാത്തതുമായ) സേവന പുസ്തകവും സ്പാർക്ക് വിവരങ്ങളും തമ്മിൽ പരിശോധിച്ച് ട്രേഡിന്റെ പൂർണ്ണമായ പേരുള്ള ഡെസിഗ്നേഷൻ, സർവ്വീസ് ഹിസ്റ്ററി, റിട്ടയർമെന്റ് തീയതി, അവധി വിവരങ്ങൾ, ഡെപ്യൂട്ടേഷൻ വിവരങ്ങൾ തസ്തിക ഉടങ്ങിയ എല്ലാ വിവരങ്ങളും" സൂചനയിലെ ഖണ്ഡിക. 12(11) പ്രകാരം പരിശോധിച്ച് ഉറപ്പ് വരുത്തി പോരായ്മകൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് ടി വിവരവും പോരായ്മകൾ ഇല്ലായെങ്കിൽ ടി വിവരവും ചുവടെയുള്ള സാക്ഷ്യപത്രം സഹിതം 24.09.2024-ന് 3 മണിക്ക് മുമ്പായി **itdonlinetransfer@gmail.com** എന്ന ഇമെയിൽ അറിയിക്കേണ്ടതാണ്. ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ സമയ കൃത്യത കർശനമായി പാലിക്കേണ്ടതാണ്.

**ഷമ്മി ബേക്കർ.എ**
**ജോയിന്റ് ഡയറക്ടർ**

സ്വീകർത്താവ്:-
എല്ലാ സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ് സൈറ്റ് മുഖേനെ)

Signed by
Shammi Baker A
Date: 23-09-2024 16:42:26

**<u>സാക്ഷ്യപത്രം</u>**

ഈ സ്ഥാപനത്തിൽ ........................................................................................... (സ്ഥാപനത്തിന്റെ പേര്) നിലവിലുള്ള എല്ലാ ജീവനക്കാരുടെയും (അപേക്ഷ സമർപ്പിച്ചതും അല്ലാത്തതുമായ) സേവന പുസ്തകവും സ്പാർക്ക് വിവരങ്ങളും തമ്മിൽ പരിശോധിച്ച് ട്രേഡിന്റെ പൂർണ്ണമായ പേരുള്ള ഡെസിഗ്നേഷൻ, സർവ്വീസ് ഹിസ്റ്ററി, റിട്ടയർമെന്റ് തീയതി, അവധി വിവരങ്ങൾ, ഡെപ്യൂട്ടേഷൻ വിവരങ്ങൾ തസ്തിക തുടങ്ങിയ എല്ലാ വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

**സ്ഥാപനമേധാവി** **ഡി.ഡി.ഒ**